**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 951** **14-01-2021 - ൽ മറുപടിയ്ക്ക്**

**കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിലെ ജലവിഭവ വകുപ്പ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. രാമചന്ദ്രൻ | | Shri. K. Krishnankutty<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ 2016ന് ശേഷം ജലവിഭവ വകുപ്പ് വഴി തീര സംരക്ഷണ ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ പട്ടിക ലഭ്യമാക്കാമോ; | (എ) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച തീര സംരക്ഷണ പ്രവൃത്തികൾ, അവയുടെ പ്രവർത്തന പുരോഗതി എന്നിവ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഭരണാനുമതി ലഭിച്ച പദ്ധതികളുടെ പ്രവർത്തന പുരോഗതി വിശദീകരിക്കാമോ; | (ബി) | കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽ ജലവിഭവ വകുപ്പ് വഴി ഭരണാനുമതി ലഭിച്ച തീര സംരക്ഷണ പ്രവൃത്തികൾ, അവയുടെ പ്രവർത്തന പുരോഗതി എന്നിവ അടങ്ങിയ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ ഏതെല്ലാം സ്ഥലങ്ങളിൽ പുലിമുട്ട് സ്ഥാപിക്കുന്നതിനു പഠനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ ; | (സി) | കേരളത്തിലെ തീര സംരക്ഷണം സംബന്ധിച്ച് പഠനം നടത്തുവാൻ National Institute of Ocean Technology/National Centre for Ocean Research (NIOT/NCCR) യുമായി ചർച്ചകൾ നടത്തിയിട്ടുണ്ട്. പഠനത്തിന് തിരഞ്ഞെടുത്ത 10 വൾനറബിൾ പ്രദേശങ്ങളിൽ ആലപ്പാടും ഉൾപ്പെട്ടിട്ടുണ്ട്. |
| (ഡി) | ആലപ്പാട് ഗ്രാമപഞ്ചായത്തിൽ നിരന്തരമായ കടലാക്രമണം മൂലം സംരക്ഷണ ഭിത്തി തകർന്ന പ്രദേശങ്ങളിൽ അറ്റകുറ്റപണികൾ പൂർത്തീകരിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം ഉറപ്പാക്കുമോ; വിശദീകരിക്കാമോ? | (ഡി) | ആലപ്പാട് പഞ്ചായത്തിലെ ശ്രായിക്കാട്, ചെറിയഴിക്കൽ എന്നീ ഭാഗങ്ങളിലായി 62.95 ലക്ഷം രൂപയുടെ 8 പ്രവൃത്തികളിലായി 905 മീറ്റർ ദൂരം ജിയോ ബാഗ് ഉപയോഗിച്ച് സംരക്ഷിച്ചിട്ടുണ്ട്. കൂടാതെ 88 ലക്ഷം രൂപയുടെ 2 പ്രവൃത്തികളിലായി 450 മീറ്റർ കോർവാൾ കെട്ടി സംരക്ഷിച്ചു. 58 ലക്ഷം രൂപയുടെ 330 മീറ്റർ കോർവാൾ സംരക്ഷണം നടന്നുവരുന്നു. ചെറിയഴീക്കൽ ക്ഷേത്രത്തിന് സമീപം 3 പ്രവൃത്തികളിലായി 225 മീറ്റർ പ്രവൃത്തികൾ പൂർത്തിയായി വരുന്നു. കൂടാതെ ആലപ്പാട് ഗ്രാമ പഞ്ചായത്തിലെ പണിക്കരു കടവിൽ 8 ലക്ഷം രൂപയുടെ 75 മീറ്റർ തീര സംരക്ഷണ പ്രവൃത്തി പൂർത്തീകരിച്ചു. കൂടാതെ ഭരണാനുമതി നൽകിയ 18 ലക്ഷം രൂപയുടെ 200 മീറ്റർ തീര സംരക്ഷണ പ്രവൃത്തി ആലപ്പാട് പൂർത്തീകരിച്ചു. കാക്കത്തുരുത്ത് ഭാഗത്ത് |

| | | | |
|---|---|---|---|
| | | | 38 ലക്ഷം രൂപയുടെ പ്രവൃത്തി ടെൻഡർ ചെയ്തു എങ്കിലും ആരും പങ്കെടുക്കാത്ത സാഹചര്യത്തിൽ പുനർ ക്വട്ടേഷൻ ക്ഷണിച്ചിരിക്കുകയാണ്. ഇതിനുപുറമേ ആലപ്പാട് പഞ്ചായത്തിന്റെ തീര സംരക്ഷണത്തിനായി 150 ലക്ഷം രൂപയുടെ 2 പ്രവൃത്തികളുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. ആയത് സർക്കാരിന്റെ പരിഗണനയിലാണ് മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതോടെ ആലപ്പാട് ഗ്രാമപഞ്ചായത്തിനെ കടലാക്രമണ ഭീഷണിയിൽനിന്നും സംരക്ഷിക്കുവാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ